**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1562** | **08-10-2021 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളെ സ്മാർട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷിഭവനുകളെ സ്മാർട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ കൃഷിഭവനുകളും ഘട്ടം ഘട്ടമായി സ്മാർട് കൃഷി ഭവനുകൾ ആക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ള 14 കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നു.ഇതിനായി 10 കോടി രൂപയുടെ അനുമതി ലഭ്യമായി കഴിഞ്ഞു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതും സ്ഥലം ഉള്ളതുമായ 14 കൃഷിഭവനുകൾ കണ്ടെത്തി അവിടെ ആധുനിക കെട്ടിടങ്ങൾ നിർമ്മിച്ച് സ്മാർട് കൃഷിഭവനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേരള ലാന്റ് ഡെവലപ്മെന്റ് കോർപറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. |
| (ബി) | പിറവം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് ഇതിനായി തിരഞ്ഞെടുത്തത്; വിശദമാക്കാമോ; | (ബി) | ആദ്യ ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ള 14 കൃഷിഭവനുകൾ കണ്ടെത്തി സ്മാർട്ട് കൃഷിഭവൻ ആരംഭിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് . കൃഷി ഭവനുകളെ തിരഞ്ഞെടുക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്. പിറവം നിയോജക മണ്ഡലത്തിലെ കൃഷി ഭവനുകളിൽ സ്മാർട്ട് കൃഷിഭവൻ ആക്കുവാൻ പര്യാപ്തമായ കൃഷി ഭവനെ തിരഞ്ഞെടുക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |
| (സി) | തിരഞ്ഞെടുത്ത കൃഷിഭവനുകളെ സ്മാർട്കൃഷി ഭവനാക്കുന്നതിനായി എന്തെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സ്മാർട് കൃഷിഭവനുകളാക്കി മാറ്റുന്ന കൃഷിഭവനുകളുടെ ആദ്യഘട്ട തെരെഞ്ഞെടുപ്പ് അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ